(ഇ) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുവാൻ നിലവിലുള്ള ഒഴിവുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു ലഭ്യമാക്കുന്നതാണ്.

(ബി) കാർഷിക സർവ്വകലാശാലയിലെ അഗ്രി.ഫാക്കൽറ്റിയിൽ പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്ന എട്ട് അസോസിയേറ്റ് പ്രൊഫസർമാരും പതിമൂന്ന് അസിസ്റ്റന്റ് പ്രൊഫസർമാരും പട്ടിക വർഗ്ഗത്തിൽപ്പെട്ട ഒരു അസിസ്റ്റന്റ് പ്രൊഫസറും നിലവിലുണ്ട്.

(സി) അദ്ധ്യാപക തസ്തികകളിൽ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ആവശ്യമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി നാല് ഫാക്കൽറ്റികളിലായി 20 ഡിസിപ്ലിനുകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ടുമെന്റ് വഴി നിയമനം നടത്തിയിട്ടുണ്ട്. വെറ്ററിനറി ഫാക്കൽറ്റിയിൽ സ്പെഷ്യൽ റിക്രൂട്ടുമെന്റ് വഴി മൂന്ന് പ്രൊഫസർമാരെ 2002-ൽ നിയമിച്ചിട്ടുണ്ട്. പൂക്കോട് വെറ്ററിനറി കോളേജിലെ അദ്ധ്യാപക തസ്തികകളിലേയ്ക്കും പുതുതായി ആരംഭിച്ച കൃഷി വിജ്ഞാന കേന്ദ്രങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലേയ്ക്കും ഹൈക്കോടതിയുടെ അനുമതിയോടെയും സർക്കാർ അംഗീകാരത്തോടെയുമാണ് ജനറൽ റിക്രൂട്ടുമെന്റിനു നോട്ടിഫിക്കേഷൻ നടത്തിയത്.

(ഡി, ഇ) കേരള കാർഷിക സർവ്വകലാശാലയിലെ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യത്തിന്റെ ബാക്ക്ലോഗ് കണക്കാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള കാർഷിക സർവ്വകലാശാലയിലെ തൊഴിലാളികളുടെ എണ്ണം

143 [2133] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയിൽ ഇപ്പോൾ എത്ര അദ്ധ്യാപകർ, ജീവനക്കാർ, തൊഴിലാളികൾ എന്നിവർ ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; ഇതിൽ അദ്ധ്യാപകരുടെ എണ്ണം കുറച്ചിട്ടുണ്ടോ;

(ബി) തൊഴിലാളികളുടെ എണ്ണം കുറച്ചതിനാൽ പല ഫാമുകളുടേയും പ്രവർത്തനം തടസ്സപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തൊഴിലാളികളുടെ എണ്ണം 1/3 ആയി വെട്ടിക്കുറയ്ക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) സർവ്വകലാശാലയിൽ ഓരോ സ്റ്റേഷനുകളിലും എത്ര തൊഴിലാളികളുടെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇപ്പോൾ ഓരോ സ്ഥലങ്ങളിലും എത്ര പേർ വീതം ജോലി ചെയ്യുന്നുണ്ട്?

ഉത്തരം

(എ)	അദ്ധ്യാപകർ	.. 729
	ജീവനക്കാർ	.. 1482
	സ്ഥിരം തൊഴിലാളികൾ	.. 1305

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപക തസ്തികകളുടെ എണ്ണം കുറച്ചിട്ടില്ല.

(ബി) ഫാമുകളിൽ തൊഴിലാളികളുടെ കുറവുമൂലം ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തൊഴിലാളികളുടെ എണ്ണം വെട്ടിക്കുറയ്ക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടില്ല.

(സി) സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ എണ്ണവും നിലവിലുള്ള തൊഴിലാളികളുടെ എണ്ണവും അനുബന്ധമായി കൊടുത്തിട്ടുണ്ട്. †

ഗോരക്ഷാ പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ വകയിരുത്തിയ തുക

144 [2134] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണവകുപ്പും എൻ. ഡി. ഡി. ബി.യും ചേർന്നു നടത്തുന്ന ഗോരക്ഷാ പദ്ധതിയുടെ സംസ്ഥാന ജില്ലാ ആഫീസുകളിൽ വിവിധ തസ്തികകൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനതല, ജില്ലാതല ഓഫീസുകളിൽ മിനിസ്റ്റീരിയൽ ജീവനക്കാരുടെ വിവിധ തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടി നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഗോരക്ഷാ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി സൂപ്പർ വൈസറി തസ്തിക ഉൾപ്പെടെയുള്ള മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ തസ്തികകൾ സമയ ബന്ധിതമായി സൃഷ്ടിക്കുന്നതിന്, വേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) ഏത് സംഘടനയാണ് നിവേദനം നൽകിയിട്ടുള്ളത്; നിവേദനത്തിലെ മറ്റാവശ്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. ഗോരക്ഷാ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ തസ്തികകൾ തസ്തിക പുനർവിന്യാസം വഴി കണ്ടെത്തുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) അനിമൽ ഹസ്ബൻഡറി മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ എന്ന സംഘടനയാണ് നിവേദനം നൽകിയിട്ടുള്ളത്. ജില്ലാതലത്തിൽ ഓരോ ജൂനിയർ സൂപ്രണ്ട് തസ്തികകളും ഓരോ ക്ലർക്ക് തസ്തികകളും സൃഷ്ടിക്കൽ വേണ്ട നടപടി സ്വീകരിക്കണമെന്നതാണ് ആവശ്യം.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly